കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- **കുന്നംകുളം മണ്ഡലം**- കുന്നംകുളം ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം-ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1468/17/തസ്വഭവ തിരുവനന്തപുരം, തീയതി :08.05.2017

---

പരാമർശം - 1. 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്
2.8/03/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെഡി.ബി3-3351/17/സി.ഇ /തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**കുന്നംകുളം** നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ.എ.സി.മൊയ്തീൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും **പ്രൊജെക്റ്റ് ഐ.ഡി .861 കുന്നംകുളം ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മണം** എന്ന പ്രവൃത്തിയ്ക്ക്ആകെ അടങ്കൽ തുകയായ **30 ലക്ഷം രൂപയ്ക്ക് (മുപ്പത് ലക്ഷം രൂപ മാത്രം)** ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും **കുന്നംകുളം** മണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ. എ.സി.മൊയ്തീൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും **പ്രൊജെക്റ്റ് ഐ.ഡി .861 കുന്നംകുളം ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മണം** എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ **30 ലക്ഷം രൂപയ്ക്ക് (മുപ്പത് ലക്ഷം രൂപ മാത്രം)**വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള എല്ലാ മാർഗ നിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി. എ.ഡി. എസ്'**എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ. മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, കുന്നംകുളം [illegible]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം. 900975/എൻ.സി.സി.3/16/ധന തീ.22/04/2017)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ